# ആശൂറാ നോമ്പിന്റെ ശ്രേഷ്ഠത

[ Malayalam - മലയാളം - مليالم ]

# ﴿ فضل صيام يوم عاشــــوراء ﴾


മുഹമ്മദ് കുട്ടി കടന്നമണ്ണ

محمد كوتي أبو بكر

കോപറേറ്റീവ് ഓഫീസ് ഫോര്‍ കാള്‍ & ഗൈഡന്‍സ്
ബത്ത്ഹ – റിയാദ് – സൗദി അറേബ്യ

اعداد : المكتب التعاوني للدعوة وتوعية الجاليات ببطحاء

بمدينة الرياض ، المملكة العربية السعودية



Web Edition by:

islamhouse.com

1431 — 2010

بسم الله الرحمن الرحيم

## ‘താസൂആ, ആശൂറാ’ എന്നാൽ:

മുഹർറം ഒമ്പതിന്നുള്ള നോമ്പാണ് ‘താസൂആ’, പത്തിനുള്ളതിനെ ‘ആശൂറാ’ എന്നും വിളിക്കുന്നു. പ്രസ്തുത ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കൽ മഹത്തായ പുണ്യകർമ്മങ്ങളിൽ പെട്ടതാണ്. ഖിശിഷ്യാ ആശൂറാ നോമ്പ്.

## ആശൂറാ നോമ്പിന്റെ ശ്രേഷ്ഠത:

**ചില നബിവചനങ്ങൾ:**

1) ഇബ്നു അബ്ബാസ്(ﷺ)വിൽ നിന്നും നിവേദനം, ആശൂറാ നോമ്പിനെക്കുറിച്ച് അദ്ദേഹം ചോദിക്കപ്പെട്ടു. അദ്ദേഹം മറുപടി പറഞ്ഞു: ‘ഈയൊരു ദിവസത്തെപ്പോലെ നബി(ﷺ) പ്രതിഫലം തേടിയിരുന്ന മറ്റൊരു ദിവസത്തെയും ഞാൻ കണ്ടിട്ടില്ല’ (ബുഖാരി). മുഹർറം പത്താണ് ഇവിടെ ഉദ്ദേശ്യം.

2) ‘അബൂ ഖതാദ:(ﷺ)വിൽ നിന്നും നിവേദനം, ഒരാൾ ആശൂറാ നോമ്പിനെക്കുറിച്ച് നബി(ﷺ)യോട് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു:

( أَحْتَسِبُ عَلَى اللهِ أَنْ يُكَفِّرَ السَّنَةَ الَّتِي قَبْلَهُ ) ( مسلم )

‘കഴിഞ്ഞ ഒരു വർഷത്തിൽ സംഭവിച്ചുപോയ പാപങ്ങളെ അത് പരിഹരിക്കുന്നതാണ്‘ (മുസ്‌ലിം).

## ആശൂറായുടെ ചരിത്ര പശ്ചാത്തലം:

അല്ലാഹു തന്റെ പ്രവാചകൻ മൂസാ(ﷺ)യെയും അദ്ദേഹത്തോടൊപ്പമുള്ള വിശ്വാസികളെയും ധിക്കാരിയും ദൈവവാദിയുമായ ഈജിപ്ഷ്യൻ ചക്രവർത്തി ഫറോവയിൽ നിന്നും രക്ഷിച്ച മഹത്തായ ദിവസമാണ് മുഹർറം പത്ത്. അല്ലാഹുവിന്റെ കൽപ്പന പ്രകാരം തന്റെ കൈയിലുള്ള വടി സമുദ്രത്തിലടിക്കുകയും മുമ്പിൽ ദൃശ്യമായ വഴിയിലൂടെ അദ്ദേഹവും വിശ്വാസികളും ഇറങ്ങി നടക്കുകയും ചെയ്തു. അവർ അക്കരെപ്പറ്റിയപ്പോഴേക്കും പിന്തുടർന്ന് വന്ന ഫറോവയും സൈന്യവും സമുദ്ര മധ്യത്തിലെത്തിയിരുന്നു. വിശ്വാസികൾ മറുകര പ്രാപിച്ചതോടെ വെള്ളം കൂടിച്ചേർന്നു, ശത്രുക്കൾ മുഴുവനും അതിൽ മുങ്ങി നശിച്ചു. ഈ സംഭവം മുഹർറം പത്തിനായിരുന്നു. ഇതിന് നന്ദിയായിക്കൊണ്ട് മൂസാ(ﷺ) ആ ദിവസം നോമ്പനുഷ്ഠിച്ചു. റമദാൻ നോമ്പ് നിർബന്ധമാക്കപ്പെടുന്നതുവരേക്കും മുഹർറം പത്തിന് നോമ്പെടുക്കൽ മുസ്‌ലിംകൾക്ക് നിർബന്ധമായിരുന്നു.

ഇബ്നു അബ്ബാസ്(رضي الله عنهما)വിൽ നിന്നും നിവേദനം ചെയ്യപ്പെട്ടതായി ബുഖാരിയിലും മുസ്‌ലിമിലും കാണാം: 'നബി(ﷺ) മദീനയിൽ വന്നപ്പോൾ അവിടെയുള്ള ജൂതന്മാർ ആശൂറാ ദിവസം നോമ്പനുഷ്ഠിക്കുന്നതായി അദ്ദേഹം(ﷺ)കണ്ടു. അതെക്കുറിച്ച് ചോദിച്ചപ്പോൾ അവർ പറഞ്ഞു: 'ഇത് മൂസാ നബി(ﷺ)യെ അദ്ദേഹത്തിന്റെ ശത്രുക്കളിൽ നിന്നും അല്ലാഹു രക്ഷപ്പെടുത്തിയ ദിവസമാണ്'. അപ്പോൾ നബി(ﷺ) പ്രതിവചിച്ചു:

( فَنَحْنُ أَحَقُّ وَأَوْلَى بِمُوسَى مِنْكُمْ ) ( مسلم )

'എങ്കിൽ മൂസാ(ﷺ)യോട് നിങ്ങളെക്കാൾ അവകാശപ്പെട്ടവരും കടപ്പെട്ടവരും ഞങ്ങളാണ് '. അങ്ങനെ നബി(ﷺ) ആ ദിവസം നോമ്പ് പിടിക്കുകയും അപ്രകാരം ചെയ്യാൻ അനുയായികളോട് കൽപ്പിക്കുകയും ചെയ്തു' (മുസ്‌ലിം).

ഇബ്നു അബ്ബാസ്(رضي الله عنهما)വിൽ നിന്നും ഉദ്ദരിക്കപ്പെട്ടതായി സ്വഹീഹ് മുസ്‌ലിമിൽ കാണാം: 'നബി(ﷺ) ആശൂറാ ദിവസം നോമ്പെടുക്കു

കയും അപ്രകാരം കൽപ്പിക്കുകയും ചെയ്തപ്പോൾ സ്വഹാബികൾ പറഞ്ഞു: ' അല്ലാഹുവിന്റെ ദൂതരെ, ജൂതന്മാരും ക്രിസ്ത്യാനികളും ബഹുമാനിക്കുന്ന ഒരു ദിവസമാണല്ലോ ഇത് '. അപ്പോൾ അദ്ദേഹം പറഞ്ഞു:

( فَإِذَا كَانَ الْعَامُ الْمُقْبِلُ إِنْ شَاءَ اللَّهُ صُمْنَا الْيَوْمَ التَّاسِعَ )

'എങ്കിൽ അടുത്ത വർഷം അല്ലാഹു ഉദ്ദേശിച്ചാൽ നാം ഒമ്പതിനും നോമ്പെടുക്കും.' വേദക്കാരോട് എതിരാവുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം.

ആശൂറാ നോമ്പിനോടൊപ്പം മുമ്പ് ഒരു ദിവസമോ ശേഷം ഒരു ദിവസമോ വ്രതമെടുത്തുകൊണ്ട് വേദക്കാരോട് എതിരാകാവുന്നതാണ്. എന്നാൽ മുമ്പും ശേഷവും ഓരോ നോമ്പെടുത്ത് മൂന്ന് ദിവസം പൂർത്തിയാക്കിയാൽ ഓരോ മാസത്തിലും മൂന്ന് നോമ്പെടുക്കുകയെന്ന സുന്നത്തുകൂടി അതോടൊപ്പം ലഭ്യമാവുന്നു.

ഇസ്‌ലാമിന്നും മുസ്‌ലിംകൾക്കും ഉന്നതിയും പ്രതാപവും ലഭിക്കാൻ പ്രവാചകചര്യ ജീവിതത്തിലുടനീളം പ്രാവർത്തികമാക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ, ആമീൻ.

وصلى الله وسلم على نبينا محمد وعلى آله وصحبه أجمعين آمين

*****************